പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1172 | 30.01.2018-ൽ മറുപടിക്ക്

**യന്ത്രങ്ങളുടെ ഉപയോഗം മൂലം വീടുകൾക്കും സ്ഥാപനങ്ങൾക്കും കേടുപാടുകൾ**

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.കെ.യു. അരുണൻ | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ദേശീയപാതയിൽ വൻകിട പദ്ധതികളും റോഡുകളും പാലങ്ങളും നിർമ്മിക്കുമ്പോൾ യന്ത്രങ്ങളുടെ ഉപയോഗം മൂലം അടുത്തുള്ള വീടുകൾക്കും സ്ഥാപനങ്ങൾക്കും കേടുപാടുകൾ വരുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സാധാരണക്കാരായവർക്ക് ഇപ്രകാരമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് നിലവിൽ എന്തെങ്കിലും പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ; | (ബി) ഇത്തരം നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് നിലവിൽ കേന്ദ്ര പദ്ധതികൾ ഒന്നും തന്നെ ഇല്ല. എന്നാൽ സംഭവിച്ചിട്ടുള്ള കേടുപാടുകൾ നിർദ്ദിഷ്ട കരാറുകാർ വഴി തന്നെ പരിഹരിച്ചിട്ടുണ്ട്. |
| (സി) ഇല്ലെങ്കിൽ ഇത്തരത്തിൽ എന്തെങ്കിലും പദ്ധതിയെക്കുറിച്ച് ആലോചിക്കുമോ; വിശദമാക്കാമോ ? | (സി) നിലവിൽ പദ്ധതികളൊന്നുമില്ല. കേന്ദ്രവുമായി ബന്ധപ്പെട്ട ഇത്തരം പദ്ധതിയെപറ്റി ആലോചിക്കുന്നതിന് ആവശ്യപ്പെടുന്നതാണ്. |

S. Bindu

സെക്ഷൻ ഓഫീസർ